**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1694** **11-10-2024 - ൽ മറുപടിയ്ക്ക്**

**ആറാം സെമെസ്റ്റർ ബിരുദ പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അഞ്ചുവർഷ ഇന്റഗ്രേറ്റഡ് ബിരുദ കോഴ്സിന് പ്രവേശനം നേടിയ ഭരണകക്ഷിയുടെ യുവജനസംഘടന നേതാവിന് ആറാം സെമസ്റ്ററിൽ എത്ര ശതമാനം ഹാജരാണുള്ളത്; ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് യോഗ്യതയില്ലാത്ത പ്രസ്തുത വിദ്യാർത്ഥിക്ക് ഏഴാം സെമസ്റ്റർ ക്ലാസിലേക്ക് പ്രവേശനം നൽകിയോ; എങ്കിൽ ആയത് ചട്ട പ്രകാരം ശരിയാണോ; | (എ) | ചോദ്യത്തിൽ പരാമർശിച്ചിരിയ്ക്കുന്ന വ്യക്തിയെ സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ മറുപടി ലഭ്യമാക്കുന്നതിന് കഴിയുന്നില്ല. |
| (ബി) | ഇന്റഗ്രേറ്റഡ് കോഴ്സുകളിൽ ആറാം സെമസ്റ്റർ ക്ലാസ്സ്, ബിരുദ കോഴ്സിന്റെ എക്സിറ്റ് പോയിൻറ് ആയിരിക്കുമ്പോൾ ആറാം സെമസ്റ്റർ ബിരുദ പരീക്ഷ എഴുതുകയോ പാസാവുകയോ ചെയ്യാത്ത വിദ്യാർത്ഥിക്ക് ഏഴാം സെമെസ്റ്റർ പി ജി ക്ലാസിൽ പ്രവേശനം നൽകാൻ വ്യവസ്ഥയുണ്ടോ; | (ബി) | ഒരു സെമസ്റ്റർ പരീക്ഷ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അടുത്ത സെമസ്റ്ററിലേക്ക് പ്രമോഷൻ ലഭിക്കുന്നതാണ്. അതിന് പ്രവേശന നടപടികളിലൂടെ കടന്ന് പോകേണ്ടതില്ല. ആയതിനാൽ ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത ഒരു വിദ്യാർത്ഥിയ്ക്ക് ഏഴാം സെമസ്റ്ററിലേയ്ക്ക് പ്രവേശനത്തിന് യോഗ്യത ഉണ്ടായിരിക്കുന്നതാണ്. |
| (സി) | ടി വിദ്യാർത്ഥി കോളേജിൽ പഠനം തുടരുന്നുണ്ടോ; ഏത് സെമസ്റ്ററിനാണ് പഠിക്കുന്നത്;മതിയായ ഹാജരില്ലാതെ ടി വിദ്യാർത്ഥിക്ക് സെമസ്റ്റർ കയറ്റം നൽകിയതിന് ഉത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; | (സി) | ചോദ്യത്തിൽ പരാമർശിച്ചിരിയ്ക്കുന്ന വ്യക്തികളെ സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ മറുപടി ലഭ്യമാക്കുന്നതിന് കഴിയുന്നില്ല. |
| (ഡി) | സമാനമായി നിശ്ചിത ശതമാനം ഹാജർ ലഭിക്കാത്തതിന്റെ പേരിൽ രണ്ടാം സെമസ്റ്റർ പിജി വിദ്യാർത്ഥിയും പ്രതിപക്ഷ പാർട്ടിയുടെ യുവജനസംഘടനാ പ്രവർത്തകനുമായ മറ്റൊരു വിദ്യാർത്ഥിയെ കോളേജിൽ നിന്ന് പ്രിൻസിപ്പൽ റോൾ ഔട്ട് ആക്കിയിട്ടുണ്ടോ? | (ഡി) | ചോദ്യത്തിൽ പരാമർശിച്ചിരിയ്ക്കുന്ന വ്യക്തികളെ സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ മറുപടി ലഭ്യമാക്കുന്നതിന് കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ